**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 505

27.09.2016 -ൽ മറുപടിക്ക്

## വിനോദസഞ്ചാരകേന്ദ്രങ്ങളിലെ മാലിന്യപ്രശ്നം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ടി. ബൽറാം<br>ശ്രീ. പി.ടി. തോമസ് | ശ്രീ.എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) പല പ്രമുഖ വിനോദസഞ്ചാര കേന്ദ്രങ്ങളിലും മാലിന്യപ്രശ്നം രൂക്ഷമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) വിനോദസഞ്ചാര കേന്ദ്രങ്ങളെയും പൊതു പാർക്കുകളെയും മാലിന്യമുക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ; | ബി) കേരളത്തിലെ വിനോദസഞ്ചാരമേഖലകൾ വൃത്തിയായി പരിപാലിക്കുന്നതിനും, പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങളുടെ നിയന്ത്രണത്തിനുമുള്ള സമഗ്ര പദ്ധതി ഡി.റ്റി.പി.സി., തദ്ദേശസ്വയംഭരണ വകുപ്പ് എൻ.ജി.ഒ.കൾ എന്നിവ മുഖാന്തിരം നടത്തി വരുന്നു. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ഒഴിവാക്കുന്നതിന് സംസ്ഥാനത്തെ ഡി.റ്റി.പി.സി.കൾ മുഖേന ബോധവത്ക്കരണ പ്രവർത്തനം നടത്തി വരുന്നു. കൂടാതെ ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും |

ഡിറ്റിപിസി കൾ മുഖേന ടൂറിസം കേന്ദ്രങ്ങൾ ശുചിയായി പരിപാലിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏതാനും ചില ഡെസ്റ്റിനേഷനുകളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിലേക്കായി യുദ്ധകാലാടിസ്ഥാനത്തിൽ 'ഗ്രീൻ കാർപ്പറ്റ്' എന്ന പദ്ധതി നടപ്പിലാക്കി വരികയാണ്. ഇതിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒരിനം മാലിന്യ നിയന്ത്രണമാണ്.

സി) വിനോദസഞ്ചാര കേന്ദ്രങ്ങളും പൊതു പാർക്കുകളും മറ്റും മാലിന്യമുക്തമാക്കുന്നതിന് അതത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കാമോ ?

സി) കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളും പൊതുപാർക്കുകളും മാലിന്യമുക്തമാക്കുന്നതിനും, പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങളുടെ നിയന്ത്രണത്തിനുമായി സമഗ്ര പദ്ധതി ഡിറ്റിപിസി, തദ്ദേശ സ്വയംഭരണ വകുപ്പ്, എൻ.ജി.ഒ.കൾ എന്നിവ മുഖാന്തിരം നടത്തി വരുന്നുണ്ട്.

Anuradha

സെക്ഷൻ ഓഫീസർ